ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് അനുപാത സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി ) വിഭാഗം**

**നം.DTETVM/4100/2024-ED1** **തീയതി: 09-11-2026**

---

വായന:- 1) 10.02.2021 തീയതിയിലെ സ.ഉ (പി) നം. 27/2021/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 25.01.2024 തീയതിയിലെ ഈ കാര്യാലയത്തിലെ ഇജി3/46566/23/ഡിടിഇ നമ്പർ ഉത്തരവ്.
3) 09.08.2026 തീയതിയിലെ സ.ഉ (സാധാ) നം. 998/2026/HEDN നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

വായന (1) ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം XI കുറിപ്പ് (സി) പ്രകാരം, സീനിയർ സൂപ്രണ്ട് തസ്തികയുടെ ഇരുപത്തിയഞ്ച് ശതമാനം വരെ ₹ **56,500-1,18,100** വേതന നിരക്കിൽ അനുപാത സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ഈ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലെ അംഗീകൃത ശ്രേണി ബലം 74 ആണ്. അപ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലെ 18 ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

വായന (3) സർക്കാർ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം (Ratio promotion) ലഭിച്ച ഉദ്യോഗസ്ഥന് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ സംജാതമായ ഒഴിവിലേക്ക് വായന (2) അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥന്, വായന (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ₹ **56,500-1,18,100** വേതന നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള അനുപാത സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥനെ നിലവിലുള്ള സ്ഥാപനത്തിൽ തുടരുവാൻ അനുവദിക്കുന്നതിന്റെ ഭാഗമായി തസ്തിക താത്കാലികമായി സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) എന്ന് ഉയർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനി. പട്ടികയിലെ ക്രമ നമ്പർ | പേര്, നിലവിലെ സ്ഥാപനം, പെൻ | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതിയും ഒഴിവിൻ്റെ സ്വഭാവവും |
|---|---|---|---|
| 1 | 55 | ഷിജി ടി പി<br>റസിഡൻഷ്യൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, പയ്യന്നൂർ<br>പെൻ-393717 | 10.08.2026<br>*(അഹമ്മദ് മൂപ്പൻ,സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് വിടുതൽ ചെയ്ത ഒഴിവ്)* |

സീനിയർ സൂപ്രണ്ട് തസ്തികയും, സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയും തമ്മിൽ ജോലിയിലും, തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതായതിനാൽ, ടി അനുപാത സ്ഥാനക്കയറ്റത്തിന്റെ

പ്രാബല്യ തീയതി മുതൽ ഭാഗം 1, കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 23 (ഡി) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം അനുപാത സ്ഥാനക്കയറ്റത്തിന്റെ ഭാഗമായുള്ള ആനുകൂല്യങ്ങൾക്ക് ഉദ്യോഗസ്ഥർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Digitally signed by Jayaprakash P
Date: 09-11-2026 16:55:42

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1) ബന്ധപ്പെട്ട സ്ഥാപന മേധാവിക്കും, ഉദ്യോഗസ്ഥനും (ഡിടിഇ വെബ് സൈറ്റ് മുഖേന)

2) ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)

3) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

4) സൂപ്രണ്ട്,ജീവനക്കാര്യം(ജി) സെക്ഷൻ.

5) ഇ-ഓഫീസ് കരുതൽ സഞ്ചയം